# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

KNRKWB
രണ്ടാം നില, നോർക്ക സെന്റർ, സർക്കാർ അതിഥി മന്ദിരത്തിന് സമീപം, തൈക്കാട് പി.ഒ. തിരുവനന്തപുരം –695014
ടെലഫോൺ– 0471 2785500,502 ഫാക്സ് – 0471 2785501
www.pravasikerala.org, E-mail: info@pravasikerala.org

**KNRKWB/659/2024-S11** **08-08-2024**

## സർക്കുലർ

വിഷയം:- കേരള പ്രവാസി ക്ഷേമ ബോർഡ് - ക്ഷേമ നിധിയിലേക്ക് അംഗം അടച്ച അംശദായം തിരികെ അനുവദിക്കുന്നതിലേക്ക് അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട പൊതു നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

2008- ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലേയും 2009- ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരമാണ് അംഗം പ്രവാസി ക്ഷേമ നിധിയിലേക്ക് അടച്ചിരിക്കുന്ന അംശദായം തിരികെ അനുവദിച്ച് വരുന്നത്. അംശദായ അടവ് തിരികെ അനുവദിക്കാൻ അർഹത നേടിയ വിഭാഗങ്ങൾ, ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട വിധം, അപേക്ഷയോടൊപ്പം അപ്-ലോഡ് ചെയ്യേണ്ട രേഖകൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അംശദായ അടവ് തിരികെ അനുവദിക്കാൻ അർഹത നേടിയ ചുവടെ ചേർത്തിട്ടുള്ള വിഭാഗത്തിൽ പെടുന്ന അപേക്ഷകർ www.pravasikerala.org എന്ന വെബ് സൈറ്റിൽ Service ഭാഗത്തേക്ക് പ്രവേശിച്ച്, ONLINE APPLY എന്ന ലിങ്ക് ഓപ്പൺ ചെയ്ത്, യൂസർ നയിം, പാസ് വേർഡ് എന്നിവ നല്കി അംഗത്വ ലോഗിനിലേക്ക് പ്രവേശിച്ച്, അംഗത്വ ലോഗിനിനുള്ളിലെ CRF Request എന്ന മൊഡ്യൂളിലൂടെ അടച്ച അംശദായം തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

| ക്രമ നം | കേരള പ്രവാസി ക്ഷേമ നിധിയിലേക്ക് അംഗം അടച്ച അംശദായം തിരികെ ലഭിക്കുന്നതിന് അർഹതപ്പെട്ട വിഭാഗങ്ങൾ | അപ്-ലോഡ് ചെയ്യേണ്ട രേഖകൾ |
|---|---|---|
| | സ്ഥായിയായ ശാരീരിക അവശതമൂലം ജോലിചെയ്യാൻ കഴിയാത്തതും അവശത പെൻഷന് | i. മെഡിക്കൽ സർട്ടിഫിക്കറ്റ്<br>ii. അംഗത്തിന്റെ ഫോട്ടോ<br>iii. ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ അപേക്ഷകന്റെ/യുടെ സ്വന്തം പേരിലുള്ളതും അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. |

| | | |
|---|---|---|
| 1 | അർഹതയില്ലാത്തതുമായ അംഗങ്ങൾക്ക് അവർ ക്ഷേമനിധിലേക്ക് അടച്ച അംശദായ തുക തിരികെ ലഭിക്കുന്നതാണ് | കോഡ്, അക്കൌണ്ട് ഉടമയുടെ പേര് മേൽ വിലാസം എന്നിവ വ്യക്തമായി പ്രിന്റ് ചെയ്തതുമായ പാസ്ബുക്ക്<br>iv. അംഗത്തിന്റെ പേര് വിവിധ രേഖകളിൽ വ്യത്യാസം ഉണ്ടെങ്കിൽ വ്യത്യസ്ത പേരിൽ അറിയപ്പെടുന്നത് ഒരാളാണ് എന്ന് തെളിയിക്കുന്ന One & Same Certificate. |
| 2 | മറ്റ് ക്ഷേമ നിധികളിൽ അംഗത്വമുള്ളവർ | i. ഇതര ക്ഷേമനിധിയിലെ അംഗത്വ രേഖയുടെ പകർപ്പ്<br>ii. അംഗത്തിന്റെ ഫോട്ടോ<br>iii. ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ അപേക്ഷകന്റെ/യുടെ സ്വന്തം പേരിലുള്ളതും അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, അക്കൌണ്ട് ഉടമയുടെ പേര് മേൽ വിലാസം എന്നിവ വ്യക്തമായി പ്രിന്റ് ചെയ്തതുമായ പാസ്ബുക്ക്<br>iv. അംഗത്തിന്റെ പേര് വിവിധ രേഖകളിൽ വ്യത്യാസം ഉണ്ടെങ്കിൽ വ്യത്യസ്ത പേരിൽ അറിയപ്പെടുന്നത് ഒരാളാണ് എന്ന് തെളിയിക്കുന്ന One & Same Certificate. |
| 3 | വിദേശ പൌരത്വം നേടിയവർ | i. പൌരത്വം നേടിയ രാജ്യത്തെ പൌരത്വ രേഖയുടെ പകർപ്പ്.<br>ii. അംഗത്തിന്റെ ഫോട്ടോ<br>iii. ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ അപേക്ഷകന്റെ/യുടെ സ്വന്തം പേരിലുള്ളതും അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, അക്കൌണ്ട് ഉടമയുടെ പേര് മേൽ വിലാസം എന്നിവ വ്യക്തമായി പ്രിന്റ് ചെയ്തതുമായ പാസ്ബുക്ക്<br>iv. അംഗത്തിന്റെ പേര് വിവിധ രേഖകളിൽ വ്യത്യാസം ഉണ്ടെങ്കിൽ വ്യത്യസ്ത പേരിൽ അറിയപ്പെടുന്നത് ഒരാളാണ് എന്ന് തെളിയിക്കുന്ന One & Same Certificate. |

മേൽ സൂചിപ്പിച്ച പട്ടികയിൽപ്പെടാത്ത വിഭാഗങ്ങളിൽപ്പെട്ടുന്നവരിൽ ഏതെങ്കിലും കാരണത്താൽ അംഗത്വം റദ്ദാകുകയാണെങ്കിൽ അംശദായ ഇനത്തിൽ പ്രവാസി ക്ഷേമനിധിയിലേക്ക് അടച്ച തുക തിരികെ ലഭിക്കുന്നതിന് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Geetha Lekshmi M B
Date: 08-08-2024 16:50:54

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

*പകർപ്പ്.*

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐ.ടി. മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
3. ജില്ലാ ഓഫീസുകൾ, അക്ഷയ കേന്ദ്രം
4. സേവാ കേന്ദ്രങ്ങൾ, GME, സൊസൈറ്റികൾ, ഏജൻസികൾ
5. മാനേജർ (ഫിനാൻസ്)
6. CA To CHAIRMAN/CEO
7. അക്കൌണ്ട്സ് സെക്ഷൻ
8. ഓഫീസ് കോപ്പി.